മാതൃഭൂമി

16 March 2021



ട്രാൻസ്ജെൻഡർ അതിഥി അച്യുതിന്റെ മീൻ വില്പന കേന്ദ്രം ഉദ്ഘാടനത്തിനു ശേഷം മത്സ്യവില്പന നടന്നപ്പോൾ. സിനിമാ താരം മോളി കണ്ണമാലി സമീപം

**കൊച്ചി▸** ട്രാൻസ്ജെൻഡർ അതിഥി അച്യുതിന് ഇതു സ്വപ്ന സാക്ഷാത്കാരം. ഉപജീവനത്തിനായി പലയിടങ്ങളിൽ അലയേണ്ടി വന്ന അതിഥി അച്യുത് ഇനി ആധുനിക സജ്ജീകരണങ്ങളോടെയുള്ള മീൻവില്പന കേന്ദ്രത്തിന്റെ ഉടമ.

മത്സ്യ മേഖലയിലെ രാജ്യത്തെ ആദ്യ ട്രാൻസ്ജെൻഡർ സംരംഭക കൂടിയാണ് അതിഥി. കൂടുമത്സ്യ കൃഷി, ബയോഫ്ലോക് കൃഷി എന്നിവയിൽ വിളവെടുത്ത പിടയ്ക്കുന്ന മീനുകൾ ജീവനോടെ അതിഥിയുടെ മീൻസ്റ്റാളിൽ ലഭിക്കും.

സ്ഥിര വരുമാനത്തിനായി സ്വന്തമായി ഒരു സംരംഭം കണ്ടെത്താൻ അതിഥി അച്യുതിന് കൈത്താങ്ങായത് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനമാണ് (സി.എം.എഫ്.ആർ.ഐ.). ട്രാൻസ്ജെൻഡർ ആയതിനാൽ ജോലി ലഭിക്കാനുള്ള പ്രയാസം, തൊഴിലിടങ്ങളിലെ മറ്റു പ്രശ്നങ്ങൾ എന്നിവ മൂലം ബുദ്ധിമുട്ടിയ എളമക്കര സ്വദേശിയായ അതിഥിയുടെ സ്വപ്നമായിരുന്നു സ്വന്തമായി ഒരു സംരംഭം എന്നത്.

വിപണന കേന്ദ്രത്തിന്റെ ഉദ്ഘാടനം സിനിമാ താരങ്ങളായ ഹരിശ്രീ അശോകൻ, മോളി കണ്ണമാലി എന്നിവർ ചേർന്ന് നിർവഹിച്ചു.

ജീവനുള്ള മീനുകൾക്കൊപ്പം, കടൽമത്സ്യങ്ങളും ഇവിടെ ലഭിക്കും. ഓർഡർ അനുസരിച്ച് പായ്ക്കറ്റുകളിൽ സീൽ ചെയ്ത മത്സ്യങ്ങൾ വീടുകളിലേക്കും കടകളിലേക്കും മൊത്തമായും ചില്ലറയായും നൽകും. സി.എം.എഫ്. ആർ.ഐ. പ്രിൻസിപ്പൽ സയന്റിസ്റ്റും ഷെഡ്യൂൾഡ് കാസ്റ്റ് സബ് പ്ലാൻ ചെയർമാനുമായ ഡോ. കെ. മധു വില്പന കേന്ദ്രത്തിന്റെ താക്കോൽ അതിഥിക്ക് കൈമാറി. ഫ്രീസർ, മീനുകളെ ജീവനോടെ നിലനിർത്താനുള്ള സജ്ജീകരണം, മുറിച്ചു നൽകുന്നതിനും വൃത്തിയാക്കുന്നതിനുമുള്ള സാമഗ്രികൾ, കൂളർ തുടങ്ങി എല്ലാ സൗകര്യങ്ങളുമുള്ള മീൻവില്പന കേന്ദ്രമാണ് വെണ്ണല മാർക്കറ്റിൽ അഞ്ചുലക്ഷം രൂപ ചെലവിട്ട് സി.എം.എഫ്. ആർ.ഐ ഒരുക്കിയത്.

പട്ടികജാതി വിഭാഗക്കാരുടെ ഉന്നമനത്തിനായുള്ള ഷെഡ്യൂൾഡ് കാസ്റ്റ് സബ് പ്ലാൻ എന്ന പദ്ധതിയുടെ ഭാഗമായാണിത്.